മിസ്റ്റർ കെ. കെ. കണ്ണൻ: സർ, താമസിക്കാൻ സ്ഥലം ഇല്ലാത്തവക്ക കഴിയുന്നിടത്തോളം സ്ഥലം കൊടുക്കാമെന്ന പറഞ്ഞിട്ടുള്ളതനുസരിച്ച ഞാൻ ഈ കട്ട്മോഷൻ പ്രസ്സ ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn.

(iii) Leasing of Hill Tracts

*മിസ്റ്റർ പി. നാരായണമേനോൻ: To reduce the allotment of Rs. 6,60,282 for Land Revenue—Land Revenue proper in Demand No. 11 by Re. 1

(The necessity of leasing out suitable lands in the Hill tracts to Cochinites or Companies incorporated in Cochin for encouraging plantations, cultivation of Hill products and other productive industries.)

സർ, ഒരു ഉദ്ദേശം കരുതീട്ടു മാത്രമാണ് ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതു്. നമ്മുടെ രാജ്യത്തിൽ Extensive cultivation-ന പരിശ്രമം തുടങ്ങീട്ടു വളരെ കാലമായി. ഇതുവരെ അതു കായ്മായി മുന്നോട്ടു് പോയിട്ടില്ല. ഇവിടെ ആകെയുള്ള ഭൂമിയിൽ ഫ/൯ ഭാഗം കാടായിട്ടാണു് കിടക്കുന്നതു്. ഏതാണ്ടു് ൪ ൦ ൦ നാഴിക വിസ്താരം വരുന്ന കാടു് ഇവിടെയുണ്ടു്. ഇവിടെ നടത്തിയ സാമ്പത്തിക സർവ്വെ റിപ്പോർട്ടിൽ അനേകായിരം ഏക്കർ ഭൂമി കൃഷിചെയ്യാവുന്നതായി കാട്ടിലുണ്ടെന്നു പറയുന്നു. പറമ്പിക്കുളത്തിന്റെ പരിധിയിലാണെന്നാണു് ഞാനോർമ്മിക്കുന്നതു്. കൃഷിക്കുവേണ്ട എല്ലാ പരിതഃസ്ഥിതികളുമുള്ള സമതലമായ ഭൂമി ൨ ൪, ൦ ൦ ൦ ഏക്കറോളം ഉണ്ടെന്നു പ്രസ്താവിച്ചുകാണുന്നു. അതു കൂടാതെ ആനമല റോഡിന്റെ ഇരുവശങ്ങളിലും ഇങ്ങിനെയുള്ള പ്രദേശങ്ങളുണ്ടെന്നറിയുന്നു. ഇത്തരം സ്ഥലങ്ങൾ കൃഷിക്കും ഡയറി ഫാം തുടങ്ങിയ ആവശ്യങ്ങൾക്കും മറ്റുമായി പാട്ടത്തിനു കൊടുക്കുകയാണെങ്കിൽ Extensive cultivation scheme നടപ്പിൽ വരുത്തിയാൽ കൊള്ളാമെന്നുള്ള—ഗവണ്മെണ്ടു് അങ്ങിനെ ഒരു സ്കീം തയ്യാറാക്കീട്ടുണ്ടെന്നു തോന്നുന്നില്ല—ഗവണ്മെണ്ടിന്റെയും ജനങ്ങളുടേയും ആഗ്രഹം, അതു മുന്നോട്ടു കൊണ്ടുപോകാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ആവശ്യത്തിലേക്കു് പലരും സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതു ഗവണ്മെണ്ടിന്റെ അനാസ്ഥകൊണ്ടോ അല്ലെങ്കിൽ, റിസർവ് ഫാറസ്റ്റിലെ സ്ഥലം കൊടുക്കുന്നതു ശരിയല്ലെന്നു വിചാരിച്ചോ അതു പതിച്ചുകൊടുത്തിട്ടില്ലെന്നും പറഞ്ഞു കേൾക്കുന്നുണ്ടു്. അതെത്രത്തോളം വാസ്തവമാണെന്നറിഞ്ഞുകൂടാ. ഏതായാലും ആ സ്ഥലം പതിച്ചു കൊടുക്കേണ്ടതാണു്. ഇവിടെ കൃഷി വികസിപ്പിക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല.

പിന്നെ, ഒരു കാര്യംകൂടി ഇവിടെ ഗവണ്മെണ്ടിനെ ധരിപ്പിക്കേണ്ടതുണ്ടു്. ഇവിടെ കൃഷിശാസ്ത്രം പഠിപ്പിക്കാൻ രണ്ടു് സ്കൂളുകളുണ്ടു്. അവിടെ പഠിച്ചിട്ടുള്ള അനേകം കുട്ടികൾ മറ്റു ജോലികളിൽ പ്രവേശിച്ചു അവരുടെ കാലക്ഷേപത്തിനു മാർഗ്ഗം കാണുകയാണു്. പഠിച്ചിട്ടുള്ളതു കൃഷിശാസ്ത്രമാണെങ്കിലും സ്വന്തം ഭൂമി കൃഷിക്കില്ലാത്തതുകൊണ്ടു് അവർ മറ്റു ജോലികളിൽ പ്രവേശിക്കേണ്ടിവരുന്നു. അവർ കൃഷിയിൽ പ്രവേശിച്ചു ശാസ്ത്രീയ കൃഷിയുടെ ഗുണം എന്താണെന്നു മറ്റുള്ളവർക്കു മനസ്സിലാകത്തക്കവിധത്തിൽ അവർക്കു ഭൂമികൊടുത്തു കൃഷിക്കു പ്രോത്സാഹനം കൊടുക്കേണ്ടതാണു്. പഠിക്കുന്നകാലത്തു ഈ കുട്ടികളിൽ ആളൊന്നിനു കൊടുക്കുന്ന സ്റ്റൈപൻഡു് സംഖ്യയിൽനിന്നു ദിവസം ഒന്നുക്കു് ൨½ അണയൊ ന½ അണയൊ മറ്റൊ പിടിച്ചെടുത്തുവരുന്നുണ്ടു്. അങ്ങിനെ പിടിച്ചെടുക്കുന്ന രണ്ടു് കൊല്ലത്തെ സംഖ്യ അവർ വിദ്യാഭ്യാസം കഴിഞ്ഞു പോകുന്ന സമയത്തു തിരുമിച്ചു കൊടുക്കുകയാണു് ചെയ്യുന്ന പതിവു്. ഇങ്ങിനെ തിരുമിച്ചു കൊടുക്കുന്നതായാൽ വല്ല ചെറിയ ചെറിയ കൃഷിയിലും പ്രവേശിച്ചുകൊള്ളുമെന്ന ഉദ്ദേശമാണു് ഗവണ്മെണ്ടിനുള്ളതെന്നു തോന്നുന്നു. പക്ഷെ ഭൂമി സ്വന്തം ഇല്ലാത്തതുകൊണ്ടു് ഈ സംഖ്യ വേറെ വല്ല കാര്യത്തിൽ ദുർവ്യയം ചെയ്യുമെന്നല്ലാതെ ഈ വിഷയത്തിലേക്കു ചിലവു ചെയ്കയില്ല. ഈ സംഖ്യ ഇങ്ങിനെ കൊടുത്തു അവരെ വെറുതെ പറഞ്ഞയക്കുന്നതിനു പകരം കർഷക പരസ്പരസഹായസംഘങ്ങൾ രൂപീകരിച്ചു ഈ വിദ്യാലയത്തിൽ പഠിച്ചു പാസ്സായി പോകുന്ന വിദ്യാർത്ഥികളെക്കൂടി അംഗങ്ങളായി ചേർത്തുകൊണ്ടു്, കൃഷിചെയ്യാവുന്നിടത്തോളം സ്ഥലങ്ങൾ അങ്ങിനെയുള്ള സംഘങ്ങൾക്കു എല്പിച്ചു കൊടുത്താൽ കൃഷിപരിശീലന വിദ്യാലയങ്ങളെകൊണ്ടും ആ വി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ദ്യാർത്ഥികളെകൊണ്ടും രാജ്യത്തിനും സമുദായത്തിനും അവക്കും പ്രയോജനകര മാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു ഈ വിദ്യാഭ്യാസംകൊണ്ട് അവക്കൊ നാടി ന്നൊ യാതൊരു ഉപകാരവുമില്ല. നേരെമറിച്ചു അവക്കു കൊടുത്തുവരുന്ന അലവൻസിൽ നിന്നു ദിവസംതോറും എടുത്തുവരുന്ന ഈ സംഖ്യ നിർത്തലാക്കി പരസ്പരസഹായസംഘ ങ്ങൾക്കും ത്രൂപീകരിച്ചു ഭൂമി അവരെ ഏല്പിക്കയും കൃഷിക്കുവേണ്ട മറ്റു പ്രോൽസാഹനം കൊ ടുക്കയുമാണെങ്കിൽ Extensive cultivation നടപ്പിലാക്കാനും കഴിയുമെന്നാണ് തോന്നുന്ന തു്. ഇതാണ് ഈ ഉപക്ഷേപത്തിന്റെ മറ്റൊരു ഉദ്ദേശം. ഏതായാലും കൃഷി വികസി പ്പിക്കേണ്ടതാവശ്യമാണ്. അതിനു ഇതാണു ശരിയായ മാർഗ്ഗം. നമ്മുടെ രാജ്യത്തിൽ ഫ/൩ ഭാഗം വനാന്തരമാണ്. അതിൽ ഒരു ചെറിയ അംശംപോലും കൃഷിക്കുപയോഗി ക്കാറാക്കിതീർത്തിട്ടില്ല. അതു തെറ്റാണ്. മേലിലെങ്കിലും ഗവണ്മെണ്ട് കൃഷിക്കുപയുക്തമാ ക്കിതീർക്കാൻവേണ്ട നടപടികളെടുക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ഈ ഉപക്ഷേപത്തിൽ പറയുന്ന ആ സംഗതി ഏതാണ്ടു വാസ്തവമാണ്. അതായതു ആനമല റോഡിന്റെ ഇരുഭാഗത്തും കിടക്കുന്ന ഭൂമികളിൽ ഏതാ നുംഭാഗം കൃഷിക്കു പറ്റിയതാണെന്നു പറയുന്നതു ശരിയാണ്. അങ്ങിനെപറ്റിയഭൂമി ഏ താനുംഭാഗം കളക്ടറീവ് ഫാറത്തിനായി കൊടുത്തിട്ടുണ്ടെന്നും ഈ സഭയെ അറിയിക്കുന്നു. അതിനുപുറമെ ഏതാനും സ്ഥലം ചാലക്കുടിപ്പുഴയുടെ ഇരുഭാഗത്തുമായി ആനമല റോഡിൽ കിടക്കുന്നുണ്ട്. അതു ഏതാനും ത്രുപ ചിലവുചെയ്താൽ കൃഷിക്കു പറ്റിയതായി ത്രുപാന്ത രപ്പെടുത്താൻ കഴിയും. അതിനു അവസാനമായി ഒരു തീരുമാനം ചെയ്യേണ്ടതാണ്. ആ നമല റോഡിന്റെ ഇരുഭാഗത്തുമായി കിടക്കുന്ന സ്ഥലം ഒറ്റയ്ക്കായും കൂട്ടായും ൫ ൦ ൦-൦, ൧ ൦ ൦ ൦-൦ ഏക്കർ വീതം ആവശ്യപ്പെട്ടിട്ടുണ്ട്. അതു ചിലർ ഏതെങ്കിലും കമ്പനിയുടെ ആവശ്യത്തിനായിട്ടാണു ചോദിക്കുന്നതു്. കമ്പനിക്കാണെങ്കിൽ അതു വെറും ആദായത്തെ മാത്രം ലാക്കാക്കിയാണ്. ഇപ്പോൾ മിലിറ്ററിയിൽനിന്നു ആളുകൾ മടങ്ങിവന്നിട്ടുണ്ട്. അവക്കു പുരവെയ്ക്കാനും കൃഷിക്കാരാണെങ്കിൽ കൃഷിക്കും മറ്റുമായി കുറെ സ്ഥലം കൊടു ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ ഗവണ്മെണ്ടിന്റെ കൈയ്യിലുള്ള സ്ഥലം ഇപ്പോൾ വേറെ ആക്കെങ്കിലും കൊടുത്താൽ ഈ ആവശ്യത്തിലേയ്ക്കായി പിന്നിട അവരുടെ അടുക്കൽ നിന്നു തിരിച്ചുകിട്ടാൻ വിഷമമുണ്ട്. അതാണു ഇപ്പോൾ ഈ സ്ഥലങ്ങളൊന്നും പതിച്ചു കൊടുക്കാത്തതു്. മുമ്പുതന്നെ ആനമല റോഡിന്റെ ഇരുഭാഗങ്ങളിലുള്ള ഏതാനും ഭാഗ ങ്ങൾ പതിച്ചു കൊടുത്തിട്ടുണ്ട്. ബാക്കി സ്ഥലം അവിടെ കിടപ്പുണ്ട്.

പിന്നെ, അഭ്യസ്തവിദ്യരായ ആളുകൾ കൃഷികാര്യങ്ങളിൽ പ്രവൃത്തിക്കുന്നതിനു ഉത്സാ ഹമുള്ളവരാണെന്നു കൌൺസിലിലും മറ്റും പ്രസംഗിക്കാമെങ്കിലും പ്രായോഗികവശങ്ങളിലി റങ്ങുന്നതിനുള്ള സന്നദ്ധതയെകുറിച്ചു സംശയിക്കാതെ നിവൃത്തിയില്ല. അതായതു ആന പ്പാറയിൽ ൫ ൦ ഏക്കറോളം ഭൂമി ഇത്തരം വിദ്യാഭ്യാസമുള്ളവർ കൃഷിചെയ്യാമെന്നു പറ ഞ്ഞതനുസരിച്ചു അവക്കു എല്പിച്ചുകൊടുത്തു. കുറെ സംഖ്യ സഹായധനമായും കൊടുത്തു. എ ന്നാൽ രണ്ടൊ മൂന്നൊ കൊല്ലംകഴിഞ്ഞുനോക്കിയപ്പോൾ ആ ഭൂമി മുമ്പിലത്തെ മാതിരിത ന്നെ കിടക്കുന്നതായിട്ടാണുകണ്ടതു്. അതുകൊണ്ടു ഈ അഭ്യസ്തവിദ്യരെ കാർഷിക പ്രവൃത്തി ക്കു ഭൂമി കൊടുത്തും മറ്റും ഉത്സാഹിപ്പിക്കേണ്ടതാണൊ എന്നു ആലോചിക്കേണ്ടതാണ്. ഇ തുകൊണ്ടു അഭ്യസ്തവിദ്യർ കാർഷിക വൃത്തിയിലേപ്പെട്ടാൽ നല്ലനിലയിൽ വരികയില്ലെന്നു ഞാൻ പറയുന്നു എന്നു് വിചാരിക്കരുതു്.

ഏതായാലും ആനമലറോഡിന്റെ ഇരുവശവുമുള്ള സ്ഥലം കൃഷിക്കുപറ്റിയതാണ്. അതിനെക്കുറിച്ചു ഞാൻ പറഞ്ഞതായ മിലിറ്ററിക്കാർക്കു ഭൂമി കൊടുക്കുന്നതിനെ സംബന്ധി ച്ചു കാര്യം തീരുമാനപ്പെട്ടുകഴിഞ്ഞാൽ, വേണ്ടതു ചെയ്യുന്നതാണു്. എന്നാൽ ഒരു ൫൦൦൦ ഏക്കർ കന്നിച്ചു ഒരാൾക്കു കൊടുത്താൽ അതുകൊണ്ടു ഒരാൾക്കു ആദായമുണ്ടാക്കാമെന്നല്ലാതെ പൊതുവെജനങ്ങൾക്കു ഗുണപ്രദമല്ല. അതിനാൽ നാട്ടിനു പൊതുവെ ഉപകാരമാകത്തക്ക നിലയിൽ വല്ല കോവാപ്പറേറീവ് സൊസൈറ്റികൾക്കും—ഇവിടെ അവതാരകൻ പറഞ്ഞ തുപോലയുള്ള—എല്പിച്ചുകൊടുത്താൽ അതാണു നന്നായിരിക്കുക. പിന്നെ കമ്പനി നടത്തു ന്നതിനു ചോദിച്ചിട്ടുണ്ട്. അതും കമ്പനിയുടെ ആദായത്തെ ലാക്കാക്കികൊണ്ടു മാത്രമുള്ള താകയാൽ അവക്കു കൊടുക്കണൊ എന്നാലോചിക്കേണ്ടതാണ്.

മിസ്റ്റർ സി. എസ്. പണിക്കർ: കമ്പനിക്കാക്കു സ്ഥലം കൊടുത്താൽ അതിൽ ഗവ ണ്മെണ്ടിന്റെ കൺട്രോളുണ്ടായാൽപോരെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൺട്രോൾവരുത്താൻ വിരോധമില്ലാത്തതാണ്.

മിസ്റ്റർ കെ. ടി. അച്യുതൻ: തിരുവിതാംകൂർ ഗവണ്മെൻറു അവിടെ തുടങ്ങിയിരിക്കുന്ന കമ്പനികളിൽ എല്ലാം 51 ശതമാനം ഷെയർ എടുത്തിട്ടുണ്ട്. അതുപോലെ പുതിയ കമ്പനി തുടങ്ങുന്നതിൽ ഗവണ്മെണ്ടു ഷെയർ എടുത്താൽപോരെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനുവിരോധമില്ല. പക്ഷെ, ഗവർമ്മെണ്ടിൻെറ ഇൻറസ്ട്രിസ് പോളിസി അനുസരിച്ചു ഇപ്പോൾ അങ്ങിനെ എടുക്കണമെന്നു തിരുമാനിച്ചിട്ടില്ല.

അതുകൊണ്ടു ഈ കാര്യത്തിൽ മിലിറിറി സ്പ്രീസുകാക്കു ഭൂമി കൊടുക്കുന്നകാര്യം തീർച്ചപ്പെട്ടുകഴിഞ്ഞാൽ ഉടനെ വേണ്ടതു ചെയ്യാമെന്നും അതിനാൽ ഈ കട്ടമോഷൻ പിൻവലിക്കണമെന്നും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇപ്പോൾ കളക്ററീവു ഫാറത്തിനു ഭൂമി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടു.

മിസ്റ്റർ എ. ഈച്ചരമേനോൻ: അതു ഇപ്പോൾ നല്ല രീതിയിൽ നടക്കുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആനമല റോഡിൻെറ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങളും കൃഷിക്കു പറിയതായി എത്ര ഏക്കറുണ്ടു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പത്തിരുപതിനായിരം ഏക്കറുണ്ടായിരിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു.

മിസ്റ്റർ പി. നാരായണമേനോൻ: സർ, ഗവണ്മെണ്ടു ആകുന്നസഹായമൊക്കെ ചെയ്യാമെന്നാണു പറയുന്നതു. ഞാൻ ഈ കാര്യത്തിൽ ഗവണ്മെണ്ടു എന്തെങ്കിലും സഹായം ചെയ്യണമെന്ന അപേക്ഷാരൂപത്തിലല്ല പ്രസ്താവിച്ചതു. ഞാൻ പറഞ്ഞതു നമ്മുടെ രാജ്യത്തിൽ ഈ രണ്ടുതരത്തിൽ ആവശ്യമാണെന്നാണു. ഒന്നാമതു കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ അതിനു ഇതല്ലാതെ വേറെ മാർഗ്ഗം ഇല്ലെന്നുള്ളതാണു. Intensive cultivation, Extensive cultivation ഇങ്ങിനെ രണ്ടുമാർഗ്ഗങ്ങളാണു കൃഷിവികസനത്തിനുള്ളതു. അതിൽ Intensive cultivation ഇവിടെ സാദ്ധ്യമല്ല. അതുമഴയില്ലാത്ത രാജ്യങ്ങളിൽ ജലസേചനപദ്ധതികൾ മൂലം നടത്തുന്ന പദ്ധതിയാണു. ഇവിടെ വേണമെങ്കിൽ ചിറ്റൂർ താലൂക്കിലെ ഏതാനും ഭാഗങ്ങളിൽ അതു പ്രായോഗികമാണൊ എന്നു പരീക്ഷിച്ചുനോക്കാമെന്നേയുള്ളു. പിന്നീടുള്ള ഏകമാർഗ്ഗം Extensive cultivation ആണു. അതിനുള്ള ഒരുവഴി തുറന്നുകിട്ടീട്ടുണ്ടു. അതിനുപറ്റിയ അനേകായിരം ഏക്കർ ഭൂമി റിസർവു ഫാറസ്റ്റിലുണ്ടു. പിന്നെ ഇതിനെക്കുറിച്ചു പറയാനുള്ളതു കളക്ററീവു സിസ്റ്റം അനുസരിച്ചു കൃഷി ഇന്നു നിലയിലുള്ള കൃഷി സ്ഥലങ്ങളിൽ പ്രായോഗികമാകയില്ല. ഇന്നത്തെ ലാൻഡുറവന്യു അതിനുപറ്റുകയില്ല. പുരാതനകാലം മുതൽ നടന്നുവരുന്ന നമ്മുടെ കൃഷിയിൽ പറയത്തക്ക മാറ്റം വരണമെങ്കിൽ ലാൻഡു റവന്യുവിൽമാറ്റം വരണം. അതത്രപെട്ടെന്നു സാദ്ധ്യമല്ല. അപ്പോൾ കളക്ടീവു സിസ്റ്റം ശരിയാകണമെങ്കിൽ അതുവനത്തിലെ പറ്റുകയുള്ളു. അവിടെ ഭൂമിയുടെ അവകാശം ഗവണ്മെണ്ടിനു മാത്രമാണു. അവിടെ കൃഷിക്കു സൌകര്യമുള്ള സ്ഥലങ്ങളുണ്ടു. ഇങ്ങിനെ രണ്ടുകാര്യങ്ങളുള്ളതുകൊണ്ടു ഗവണ്മെണ്ടു കാടുകളിൽ കൃഷിക്കു പറ്റിയ സ്ഥലങ്ങളുള്ളതു ഉപയോഗയോഗ്യമാക്കിത്തിർക്കുക എന്നുള്ളതു ഗവണ്മെണ്ടിൻെറ ധർമ്മമായി കണക്കാക്കാതെയിരിക്കുന്നതുകൊണ്ടു അതിനുവേണ്ടി മുന്നോട്ടുവന്നിട്ടുള്ളവർക്കു ഗവണ്മെണ്ടിൽനിന്നു വേണ്ട സൌകര്യം ചെയ്തു കൊടുക്കണം. അതിനുവേണ്ട സ്റ്റീം ഉണ്ടാക്കണമെന്നാണു എനിക്കു പറയാനുള്ളതു. ഈ കൃഷിവികസനപദ്ധതി ഗവണ്മെണ്ടിനും ജനങ്ങൾക്കും ഒന്നുപോലെ ആവശ്യമാണു. അതിനു രണ്ടു കാരണങ്ങളുണ്ടു. ഇതിൽ ഗവണ്മെണ്ടു വേണ്ടതു ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈകട്ടുമോഷൻ സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly